# ജീവിതലക്ഷ്യം

## സദൃശ്യവാക്യങ്ങൾ 22:6

**ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.**

ഈ വചനം സാധാരണയായി വായിക്കുമ്പോൾ മാതാപിതാക്കളോടുള്ള ഒരു വലിയ സന്ദേശമായി കണക്കാക്കപ്പെടുന്നു. അവിടെ തങ്ങളുടെ മക്കളെ ദൈവഹിതപ്രകാരം നേർവഴി നടത്തുന്നതിന്നും അവർ പിന്മാറി വഴിതെറ്റിപ്പോകാതിരിക്കേണ്ടതിന്നു ചെറുപ്രായത്തിലേ നൽവഴികളെ അഭ്യസിപ്പിക്കുവാനുള്ള ഒരു ആഹ്വാനമായി കണക്കാക്കാം. ഇപ്രകാരം വളർന്നു വരുന്ന തലമുറക്ക് തിരിച്ച് തങ്ങളുടെ മതാപിതാക്കന്മാരോട് ഒരു ധാർമ്മീകമായ ഉത്തരവാദിത്വം ഉണ്ട്, അത് നാം പത്തുകൽപനകളിലും കാണുന്നുണ്ട്, "നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക." ഈ ഒരു ഉത്തരവാദിത്വത്തിലേക്ക് തങ്ങളുടെ തലമുറയെ എത്തിക്കുക എന്നതാണ് മതാപിതാക്കന്മാരുടെ ഒരു വലിയ കടമ. ഇതുവഴി തങ്ങളുടെ മക്കൾ തങ്ങളെ ബഹുമാനിക്കുക മാത്രമല്ല, പൊതുസമൂഹത്തിനുകൂടി ഒരു മുതൽക്കൂട്ടായി മാറുന്നു.

പ്രിയരെ ഇതു ഇന്നു ഈ ലോകത്തിലെ കാര്യമാണെങ്കിൽ നാം അതിനെ ആത്മീകമായ തലങ്ങളിൽ ചിന്തിച്ചു കഴിഞ്ഞാൽ കാണുന്നത് വലിയ ഒരു അർത്ഥമാണ്. നമ്മുടെ പിതാവാം ദൈവം, മനുഷ്യജന്മം എന്ന നിലയിൽ ആദിമുതൽ നമ്മെ സ്നേഹിച്ചതും, വഴിനടത്തിയതും, തക്ക സമയത്ത് ബാലശിക്ഷകൾ നൽകുന്നതും, വചനത്തിലൂടെയും, പ്രവാചകന്മാരിലൂടെയും എല്ലാം അരുളിച്ചെയ്തതും അതു ഇന്നു നാം ആയിരിക്കുന്ന ഈ തലമുറവരെയും നിലനിൽക്കുന്നതും എല്ലാം നാം നേർവഴി നടക്കുന്നതിന്നു നമ്മെ അഭ്യസിപ്പിക്കുവാനാണ്. ഞാനും നിങ്ങളും ഈ ദൈവപിതാവിന്റെ മക്കളാണ്. മക്കളെ നേർവഴിനടത്തുവാൻ മാതാപിതാക്കളുടെ കടമ പിതാവാം ദൈവം നന്നായി നിർവ്വഹിച്ചു, നിർവ്വഹിക്കുന്നുണ്ട് ഇനിയും അതു നിർവ്വഹിക്കുക തന്നെ ചെയ്യും. എന്നാൽ ചോദ്യം അവശേഷിക്കുന്നത്, മക്കൾ എന്നു അവകാശപ്പെട്ട് നടക്കുന്ന നാമോരോരുത്തരോടുമുള്ളതാണ്. അത് നാം നമ്മുടെ ധാർമ്മീക ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്നുള്ളതാണ്?

**കൊലൊസ്സ്യർ 3:20ൽ** പറയുന്നു, "മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ, ഇതു കർത്താവിന്റെ ശിഷ്യന്മാരിൽ കണ്ടാൽ പ്രസാദകരമല്ലോ." ഇതാണ്

ഇന്നു ദൈവമക്കൾ എന്നു പറഞ്ഞു നടക്കുന്ന നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വം. ദൈവത്തെ സകലത്തിലും അനുസരിക്കുക, അവന്റെ കൽപനകളെ പാലിക്കുക, അതിൻപ്രകാരം നമ്മുടെ ജീവിതത്തെ ക്രമീകരിക്കുക. ഇതാകണം ഇന്നു ദൈവമക്കൾ എന്നു പറയുന്ന നാം ഓരോരുത്തരുടെയും ജീവിത ലക്ഷ്യം. ആ ലക്ഷ്യത്തിലേക്ക് നടന്നടുക്കുവാൻ ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ നിരന്തരം ദൈവ വചനങ്ങളാലും ദൈവീക ചിന്തകളാലും നിറെക്കുകയും നയിക്കുകയും ചെയ്യുമാറാകട്ടെ എന്നു പ്രാർഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 96:1

യഹോവെക്കു ഒരു പുതിയ പാട്ടു പാടുവിൻ; സകലഭൂവാസികളുമായുള്ളോരേ, യഹോവെക്കു പാടുവിൻ

ബ്രദർ. ബിനു ബേബി ആലപ്പുഴ 115